## മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച ഔദ്യോഗിക പഠനം

129 (134) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ കേരളത്തെ അത് എപ്രകാരമെല്ലാം ബാധിക്കുമെന്നതു സംബന്ധിച്ച ഔദ്യോഗിക പഠനങ്ങൾ സംസ്ഥാന തലത്തിൽ നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

പഠനം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## മീനാകുമാരി റിപ്പോർട്ടുമൂലം പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ആശങ്ക

130 (135) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാകുമാരി റിപ്പോർട്ട് മറയാക്കി ആഴക്കടൽ - പുറം കടൽ മേഖലകൾ വിദേശ മത്സ്യ കപ്പലുകൾക്ക് തുറന്ന് കൊടുക്കുന്നതുമൂലം പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച മീനാകുമാരി റിപ്പോർട്ടിന്റെ കോപ്പി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) കേരളത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിന്റെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly